വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനം

15 (4342) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിവിധ വകുപ്പുകളിലായി എത്ര പേരെയാണ് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത് ;

(ബി) ഇതിൽ സർക്കാർ മുഖേനയും ഡിപ്പാർട്ടുമെന്റുകൾ മുഖേനയും നിയമനം ലഭിച്ചവർ എത്ര ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചവർ എത്ര ;

(ഡി) താൽക്കാലിക നിയമനം ലഭിച്ചവരിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ 8 ട്രാഫിക് വാർഡൻ, 25 സാനിട്ടേഷൻ വർക്കേഴ്സ്, 6 ഗാർഡനേഴ്സ്, ഒരു ബൈൻഡർ, ഒരു ഡോബി എന്നിവരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി 64 ടൈപ്പിസ്റ്റുമാരെയും നിയമിച്ചിരുന്നു. താൽക്കാലിക നിയമനം നൽകിയ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. ദിവസവേതനാടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ ജോലി ചെയ്തുവന്നിരുന്ന ഒരാളെ ഡ്രൈവർ തസ്തികയിലും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന രണ്ടുപേരെ ഡോബി തസ്തികയിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

തസ്തികമാറ്റം വഴിയുള്ള എൽ.ഡി.സി. നിയമനം

16 (4343) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം വഴിയുള്ള എൽ.ഡി.സി. ലിസ്റ്റിൽ നിന്നുള്ള നിയമനം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2-6-2015 വരെ 294 -ാം റാങ്ക് വരെ.

LIBRARY ARCHIVES Kerala Legislative Assembly